**ഭരണഭാഷ-മാതൃഭാഷ**

നം.ഫിൻ.സി 3/72618/2017/എച്ച്.ബി.എ/എച്ച്.എസ്.ഇ. ഹയർസെക്കന്ററി ഡയറക്ടറുടെ ഓഫീസ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.
തീയതി : 03/05/2017.

**സർക്കുലർ**

വിഷയം : 2017-18 വർഷത്തിലെ എച്ച്.ബി.എ. അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : ഗവൺമെന്റ് സർക്കുലർ നമ്പർ 30/2017/Fin. dt. 29-04-2017.

2017-18 സാമ്പത്തിക വർഷത്തിലേക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ഭവന നിർമ്മാണ വായ്പ ആവശ്യമുള്ള ഹയർ സെക്കന്ററി വകുപ്പിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർ KFC ഫോറം 29 ലുള്ള അപേക്ഷയും, അനുബന്ധരേഖകളും 15.05.2017 ന് മുൻപായി ഓഫീസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ അതത് ഓഫീസ് മേധാവികൾ 31.05.2017-ന് മുൻപായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ ചേർത്ത രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

1. അസ്സൽ പ്രമാണം
2. അധികാരപരിധിയിലുള്ള ജില്ലാ ഗവ. പ്ലീഡർ/അഡീഷണൽ ഗവ. പ്ലീഡർ നൽകിയ ടൈറ്റിൽ സർട്ടിഫിക്കറ്റ്.
3. കരം രസീത്.
4. വില്ലേജ് ആഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ്.
5. വില്ലേജ് ആഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്.
6. 12 വർഷത്തേക്കുള്ള കുടിക്കട സർട്ടിഫിക്കറ്റ്.
7. അധികാരപരിധിയിലുള്ള പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ച പ്ലാനും, എസ്റ്റിമേറ്റും.
8. തദ്ദേശസ്വയംഭരണ സ്ഥാപനം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്.
9. വാസയോഗ്യമല്ലാത്ത വീടിന് പകരം വീട് നിർമ്മിക്കുന്ന കേസുകളിൽ പൊതു മരാമത്ത് കെട്ടിട വിഭാഗം എഞ്ചിനീയർ നൽകിയ Unfit സർട്ടിഫിക്കറ്റ്.
10. ഭാര്യ/ഭർത്താവ് നോട്ടറി പബ്ലിക് മുൻപാകെ മുദ്രപത്രത്തിൽ ഒപ്പ് വച്ച സമ്മത പത്രം (ആവശ്യമുള്ള കേസുകളിൽ മാത്രം)
11. 18.11.2016-ലെ 35/2016 നമ്പർ സർക്കുലറിൽ നിർദ്ദേശപ്രകാരമുള്ള ഡിക്ലറേഷൻ (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്)
12. DCRG & Service സർട്ടിഫിക്കറ്റ്.

............2

കെട്ടിടത്തോടുകൂടിയ വസ്തു വാങ്ങുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെ ചേർത്ത രേഖകൾകൂടി അധികമായി സമർപ്പിക്കേണ്ടതാണ്.

1. വിൽപ്പനയ്ക്കുള്ള കരാർ
2. അസ്സൽ പ്രമാണത്തിന്റെ പകർപ്പ്
3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്.
4. വില്ലേജ് ആഫീസർ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം.
5. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രം.

അപൂർണ്ണമായതും നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**സീനിയർ ഫിനാൻസ് ഓഫീസർ**